# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7042 | 13.07.2012-ൽ മറുപടിയ്ക്ക്

## ടൂറിസം ഇൻഫർമേഷൻ സെന്റർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ഡൊമനിക് പ്രസന്റേഷൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. വി.റ്റി. ബൽറാം | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) | ടൂറിസം ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; | (എ) | ടൂറിസം ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എല്ലാ ഇൻഫർമേഷൻ സെന്ററുകളും നവീകരിക്കുന്നതിനുള്ള പദ്ധതികൾ വകുപ്പ് നടത്തി വരുന്നു. കൂടാതെ ഈ സെന്ററുകൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ കിറ്റ്സ് മുഖേന ടൂറിസം ബിരുദധാരികളായ ഇൻഫർമേഷൻ ട്രെയിനികളുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സെന്ററുകൾ വിനോദ സഞ്ചാരികൾക്കായി എന്തെല്ലാം സേവനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ ; | (ബി) | കേരളത്തിലെത്തുന്ന വിനോദ സഞ്ചാരികൾക്കായി കേരളത്തെക്കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ ഈ സെന്ററുകൾ വഴി നൽകി വരുന്നു. ഇതിന്റെ ഭാഗമായി പ്രസ്തുത സെന്ററുകൾ മുഖാന്തിരം കേരളാ ടൂറിസം ബ്രോഷറുകൾ, ലീഫ്ലെറ്റുകൾ, മാപ്പുകൾ തുടങ്ങിയവ ആവശ്യാനുസരണം വിനോദ സഞ്ചാരികൾക്ക് നൽകി വരുന്നു. |
| (സി) | ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഇവയുടെ പ്രവർത്തനം നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സജീവ പരിഗണനയിലാണ്. |

(ഡി) എല്ലാ സെന്ററുകളിലും ബ്ലൂ ടൂത്ത് കിയോസ്കുകൾ സ്ഥാപിക്കണമെന്ന കാര്യം പരിഗണിക്കുമോ ?

(ഡി) കേരളത്തിലെ വിമാനത്താവളങ്ങളിൽ ബ്ലൂടൂത്ത് കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ